വ്യാപാരി വ്യവസായി ഏകോപന സമിതി

# മർച്ചന്റ്സ് യൂത്ത് വിങ്ങ്

അടിമാലി

## പ്രവർത്തന റിപ്പോർട്ട്

2024 - 25

# വാർഷിക പൊതുയോഗം നോട്ടീസ്

പ്രിയ വ്യാപാരി സുഹൃത്തേ,

അടിമാലി മർച്ചന്റ് യൂത്ത് വിങ്ങിന്റെ (2024-25) വാർഷിക പൊതുയോഗം 2025 ഡിസംബർ മാസം 17-ാം തിയതി ബുധനാഴ്ച്ച വൈകിട്ട് 7 മണിക്ക് അടിമാലി മർച്ചന്റ് അസോസിയേഷൻ ഓഡിറ്റോറിയത്തിൽവച്ച് മർച്ചന്റ്സ് യൂത്ത് വിങ് പ്രസിഡന്റ് ശ്രീ. സിബിരാജ് പി. ആർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിലേക്ക് എല്ലാ ബഹുമാന്യ അംഗങ്ങളുടെയും സാനിദ്ധ്യവും സഹകരണവും വിനയപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

**ഫൈസൽ ഇബ്രാഹിം**
ജനറൽ സെക്രട്ടറി, യൂത്ത്‌വിങ്ങ്

അടിമാലി
05/12/2025

ബഹുമാന്യ അംഗങ്ങളെ

# മർച്ചന്റ് യൂത്ത് വിംഗ് അടിമാലി

2024 25 കാലയളവിലെ പ്രവർത്തന റിപ്പോർട്ട്

**അനുശോചനം**

വ്യാപാരി വ്യവസായി ഏകോപന സമിതി അടിമാലി യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ ശ്രീ ജോയി കിഴക്കേപ്പുറം, കെ ജി ജോർജ്ജ്, ഓമന നാരായണി സ്റ്റോഴ്സ് കൂടാതെ അടിമാലി യൂണിറ്റിൽ നമ്മെ വിട്ടുപിരിഞ്ഞ മറ്റ് അംഗങ്ങൾ തുടങ്ങിയവർക്ക് അനുശോചനം രേഖപ്പെടുത്തുന്നു

**ഭരണസമിതി**

2024 ഒക്ടോബർ മാസം പതിനാലാം തീയതി വൈകിട്ട് 7 മണിക്ക് വ്യാപാര ഭവനിൽ നടന്ന പൊതുയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് അടിമാലി മർച്ചന്റ്സ് യൂത്ത് വിംഗിന് നേതൃത്വം നൽകുന്നത്

14/10/2024 അടിമാലി വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽ പ്രസിഡൻറ് ശ്രീ അർജുൻ കെ നായരുടെ അധ്യക്ഷതയിൽ കൂടിയ യോഗം ജില്ലാ വൈസ് പ്രസിഡണ്ടും അടിമാലി യൂണിറ്റ് പ്രസിഡണ്ടുമായ ശ്രീ പി എം ബേബി അവർകൾ ഉദ്ഘാടനം ചെയ്തു ചടങ്ങിൽ അതിഥികളായി എത്തിച്ചേർന്ന യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് സലിം പി എസ്, നിയോജകമണ്ഡലം പ്രസിഡൻറ് ശ്രീ സാൻറ്റി മാത്യു യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി അഭിലാഷ് ജി നായർ, ട്രഷറർ സനൂപ് സ്കറിയ എന്നിവർ സംസാരിച്ചു

**ഭരണസമിതി തിരഞ്ഞെടുപ്പ്**

തുടർന്ന് 2024 26 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടന്നു. വരണാധികാരിയായി യൂത്ത് വിംഗ് ജില്ലാ ജ നറൽ സെക്രട്ടറി ശ്രീ അഭിലാഷ് ജി നായർ തെരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ നടത്തി പൊതുയോഗത്തിൽ നിന്നും ഏകകണ്ഠമായി ശ്രീ സിബിരാജ് പി ആറി നെ അടിമാലി യൂത്ത് വിങ്ങിന്റെ 2024 26 കാലയളവിലുള്ള പ്രസിഡൻറ് ആയി തിരഞ്ഞെടുക്കപ്പെട്ടു.

വരണാധികാരി പാനൽ അവതരിപ്പിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് 15 അംഗങ്ങളുടെ പേര് പേരുകൾ പ്രസിഡൻറ് അവതരിപ്പിച്ചു

തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളുടെ യും യൂത്ത് പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തോടെ യൂത്ത് വിങ്ങിന്റെ പ്രവർത്തനം സുഖമമായി നടന്നുവരുന്നു

**പ്രവർത്തനങ്ങൾ**

**ജില്ലാ തെരഞ്ഞെടുപ്പ്**

28/1/2024 ജില്ലാ ആസ്ഥാനമായ ഇടുക്കി ചെറുതോണി വ്യാപാര ഭവനിൽ നടത്തപ്പെട്ട യൂത്ത് വിംഗ് ജില്ലാ തെരഞ്ഞെടുപ്പിൽ ശ്രീ സലിം പി എസ് ജില്ലാ പ്രസിഡണ്ടായും ശ്രീ  പ്രജീഷ് തൊടുപുഴ വർക്കിംഗ് പ്രസിഡണ്ടായും ശ്രീ അഭിലാഷ് ജി നായർ ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ട ചടങ്ങിൽ അടിമാലിയിൽ നിന്നും ശ്രീ സാബു എം എമ്മിനെ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു ജില്ലാ എക ്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ശ്രീ സിബിരാജ് പി ആർ ശ്രീ  ഫൈസൽ ഇബ്രാഹിം ശ്രീ  അർജുൻ കെ നായർ, നിതീഷ് സി വൈ, എന്നിവരെയും തെരഞ്ഞെടുത്തു

**കരോക്കെ മ്യൂസിക് നൈറ്റ് 2025**

ക്രിസ്തുമസ് പുതുവത്സരത്തോടനുബന്ധിച്ച് യൂത്ത് വിംഗിന്റെ നേതൃത്വത്തിൽ അടിമാലിയിലെ വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന അനുഗ്രഹീതമായ കലാകാരന്മാരെ ഒരുമിച്ച് ചേർത്ത് 2025 ജനുവരി നാലാം തിയതി വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വച്ച് 'കരോക്കെ മ്യൂസിക് നൈറ്റ് 2025' സംഘടിപ്പിച്ചു ഇതിലൂടെ അംഗങ്ങളുടെ പരസ്പര ബന്ധവും സാഹോദര്യവും വർധിപ്പിക്കുവാനും ആഘോഷ പരിപാടികളിൽ ഒത്തൊരുമിപ്പിക്കുവാനും കഴിഞ്ഞു എന്നത് ഏറെ ശ്രദ്ധേയമാണ് അംഗങ്ങളുടെ പങ്കാളിത്തം കൊണ്ട് ഈ പ്രോഗ്രാം ഏറെ വിജയകരമായിരുന്നു

**ശിവരാത്രി മഹോത്സവം**

അടിമാലി ശാന്തിഗിരി ശ്രീ മഹേശ്വര ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് നടത്തുന്ന അന്നദാനം ചടങ്ങിൽ അരിയും പലവ്യഞ്ജനങ്ങളും എത്തിച്ചു നൽകുകയും അന്നദാനത്തിൽ പങ്കാളികളാവുകയും ചെയ്തു

**പഹൽഗാം ഭീകരാക്രമണം**

പഹൽഗാം ഭീകരാക്രമണത്ത അപലപിക്കുകയും ആക്രമണത്തിൽ ഇരയായവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും വേണ്ടി മാതൃ യൂണിറ്റ് അടിമാലി ടൗണിൽ മെഴുകുതിരി കത്തിച്ച് നടത്തിയ പ്രതിഷേധത്തിൽ എല്ലാ അംഗങ്ങളും പങ്കാളികളാകുകയും ആദ്യാവസാനം അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്തു

**ഹെൽത്ത് കാർഡ് വിതരണം ക്യാമ്പയിൻ**

മാതൃ യൂണിറ്റിന്റെ നേതൃത്വത്തിൽ അടിമാലി വ്യാപാരഭവനിൽ വച്ച് നടത്തിയ ഹെൽത്ത് കാർഡ് വിതരണ ക്യാമ്പയിൻ ഒന്നാം ഘട്ടത്തിലും രണ്ടാംഘട്ടത്തിലും യൂത്ത് വിങ്ങിന്റെ എല്ലാ അംഗങ്ങളും

പങ്കെടുക്കുകയും അതിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും ആദ്യ അവസാന അതിൻറെ മുൻപന്തിയിൽ നിന്നുകൊണ്ടുതന്നെ പൂർത്തീകരിക്കുവാൻ യൂത്ത് വിഗിന് ഈ സമയം കഴിഞ്ഞിട്ടുണ്ട്

**ദേശീയപാത ലോങ്ങ് മാർച്ച്**

31/6/2025 ൽ നേര്യമംഗലം വാളറ ദേശീയപാത നിർമാണപ്രതിസന്ധി യുമായി ബന്ധപ്പെട്ട് നടത്തിയ ലോങ്ങ് മാർച്ചിൽ യൂത്ത് വിഗ് അംഗങ്ങളും അണിചേരുകയും മാതൃക യൂണിറ്റിനു വേണ്ട സപ്പോർട്ട് നൽകി സമരത്തിൽ പങ്കാളികളായി

**അഖിലേന്ത്യാ വ്യാപാര ദിന**

അഖിലേന്ത്യ വ്യാപാരതനത്തോടെ അനുബന്ധിച്ച് മാതൃ യൂണിറ്റിന്റെ നേതൃത്വത്തിൽ അടിമാലി കരുണാ ഭവനിൽ ആവശ്യമായ അരിയും പലവ്യഞ്ജനങ്ങളും മരുന്നുകളും എത്തിച്ചു നൽകി മാതൃ യൂണിറ്റിനൊപ്പം പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്

**ന്യൂസ് പേപ്പർ വിതരണം**

അടിമാലി ടെക്നിക്കൽ ഹൈസ്കൂൾ ആവശ്യപ്പെട്ടതനുസരിച്ച് ഒരു വർഷത്തേക്ക് ആവശ്യമായ ഇന്ത്യൻ എക്സ്പ്രസ് ഇംഗ്ലീഷ് ദിനപത്രം പിടിഎയുടെയും അധ്യാപകരുടെ സാന്നിധ്യത്തിൽ കുട്ടികൾക്ക് കൈമാറി

**ഓണാഘോഷം**

മാതൃ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഓണാഘോഷ പ്രോഗ്രാമിന് വേണ്ട ക്രമീകരണങ്ങളിൽ ആദ്യാവസാനം പങ്കെടുക്കുകയും വിജയിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്

**ടൂർ പ്രോഗ്രാം**

അടിമാലിയിലെ യൂത്ത് അംഗങ്ങളും വ്യാപാരികൾ ഒത്തുചേർന്ന യൂത്ത് വിങ്ങിന്റെ നേതൃത്വത്തിൽ രണ്ടുദിവസത്തെ വട്ടവട ടൂർ

നടത്തി ഏവരും ഏറെനാളായി ആഗ്രഹിച്ചിരുന്ന ടൂറിന് മികച്ച പ്രതികരണവും പങ്കാളിത്തവും ആണ് ലഭിച്ചത് ബസ് യാത്രയും ഡാൻസും കരോക്കെയും പാട്ടും ക്യാമ്പ് ഫയറും പാചകവുമായി എല്ലാവരും ശരിക്കും ആഘോഷിച്ച യാത്രയിൽ പങ്കെടുത്ത ഒരു സൗഹൃദവും ആത്മബന്ധവും പുതിയ തലത്തിലേക്ക് ഉയർന്നു ടൂർ വിജയിപ്പിക്കാനായി ആത്മാർത്ഥമായി സഹകരിച്ച ശ്രീ ബിനോയ് എക ്സൽനും സുനിൽ ഇലക്ട്രോ കിങ്ങിനും പ്രത്യേകത നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു

**അടിമാലി ലക്ഷംവീട് കോളനി ദുരന്തം**

അടിമാലി ലക്ഷംവീട് കോളനിയിൽ മണ്ണിടിഞ്ഞുവീണു ഉണ്ടായ ദുരന്തത്തിൽ അകപ്പെട്ടവരെ സഹായിക്കുന്നതിന് വേണ്ടിയുള്ള ഫണ്ട് പിരിവിൽ അടിമാലി യൂത്ത് വിങ്ങ് എല്ലാവിധ സഹകരണവും നൽകി ആദ്യാവസാനം പങ്കെടുത്തു. ഒപ്പം ഫണ്ട് വിതരണത്തിലും അംഗങ്ങളുടെ സാന്നിധ്യം ശ്രദ്ധേയമായി

**ഓൺലൈൻ പ്രസൻസ്**

മാതൃ യൂണിറ്റ് ഏറ്റെടുത്തു നടത്തുന്ന പ്രക്ഷോഭങ്ങളും സമരപരിപാടികൾക്കും സോഷ്യൽ മീഡിയ വഴി പ്രചരണം നടത്തുന്നതിന് ഓരോ അംഗങ്ങളും ഏറെ ശ്രദ്ധ ചെലുത്തുകയും അതിലൂടെ കൃത്യമായ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്

**എക്സിക്യൂട്ടീവ് കമ്മിറ്റി സൗഹൃദ കൂട്ടായ്മ**

അടിമാലിയിലെ വിവിധ വ്യാപാര മേഖലയിലുള്ള 15 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് അടിമാലി മർച്ചന്റ് നേതൃത്വത്തിൽ ഉള്ളത് ഈ കാലയളവിൽ നടന്നിട്ടുള്ള എല്ലാ പ്രോഗ്രാമുകളും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കൂട്ടായ തീരുമാനത്തിന്റെയും പ്രവർത്തനത്തിന്റെയും ഫലമാണ് കമ്മറ്റിയിലെ അംഗങ്ങളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് വിവിധ ചർച്ചകൾക്കും

പുതിയ ആശയ രൂപീകരണത്തിനും ഉപയോഗിക്കപ്പെട്ടിട്ടുണ്ട് പല പ്രോഗ്രാമുകൾക്കായി നിരവധി തവണ ഒരുമിച്ച് യാത്രകൾ നടത്തിയിട്ടുള്ള കമ്മിറ്റി അംഗങ്ങൾ എന്നതിലുപരി പരസ്പരം മനസ്സിലാക്കുന്ന അംഗീകരിക്കുന്ന സുഹൃത്തുക്കളായി ഓരോരുത്തരും ഈ കാലയളവിൽ മാറി വ്യാപാരി വ്യവസായി ഏകോപന സമിതി അടിമാലി യൂണിറ്റ് സെക്രട്ടറിയേറ്റ് അംഗം ശ്രീ റോജൻ ഏരിവേലി യൂത്ത് കോഡിനേറ്റർ എന്ന നിലയിൽ നൽകി നിർദേശങ്ങളും പിന്തുണയും നൽകിയത് ഏറെ നന്ദിയോടെ ഓർക്കുന്നു ഒപ്പം മാത്യ യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും യൂത്ത് വിങ്ങിന് വ്യക്തമായ പ്രാതിനിത്യം നൽകുകയും ഉത്തരവാദിത്വം നൽകുകയും അത് ഏറ്റെടുത്തു നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്ന യൂണിറ്റ് പ്രസിഡൻറ് ശ്രീ പി എം ബേബി ജനറൽ സെക്രട്ടറി സാൻഡി മാത്യു ജില്ലാ വർക്കിംഗ് പ്രസിഡണ്ട് ശ്രീ വിനോദ് കെ ആർ എന്നിവരോടുള്ള ആത്മാർത്ഥമായ നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു

**ഉപസംഹാരം**

തിരഞ്ഞെടുക്കപ്പെട്ട യൂത്ത് വിങ്ങ് ഭരണസമിതിയുടെ പ്രവർത്തനം അടിമാലി മർച്ചൻസ് അസോസിയേഷൻ യൂണിറ്റ് പ്രസിഡൻറ് ശ്രീ പി എം ബേബി ജനറൽ സെക്രട്ടറി, ജില്ലാ വർക്കിംഗ് പ്രസിഡണ്ട്, കൂടാതെ മറ്റ് ഭാരവാഹികളുടെയും ജില്ലാ ഭാരവാഹികളുടെയും ദേവികുളം വ്യാപാരി സർവീസ് സഹകരണ സംഘം അടിമാലി അർബൻ സഹകരണ സംഘം എന്നീ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിച്ചിട്ടുണ്ട് മാത്യ സംഘടനയായ അടിമാലി മർച്ചൻസ് എക്സിക്യൂട്ടീവ് കമ്മിറ്റി വളരെ നല്ല രീതിയിൽ അടിമാലി യൂത്ത് കമ്മിറ്റിയെ സഹായിച്ചിട്ടുണ്ട്. മീറ്റിംഗ് കൂടുന്നതിന് വ്യാപാരഭവൻ വിട്ടുതരികയും സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക്

എല്ലാവിധ നന്ദിയും സ്നേഹവും അർപ്പിക്കുന്നു ഈ റിപ്പോർട്ടിൽ എന്തെങ്കിലും വിട്ട് ചേർക്കാൻ വിട്ടുപോവുകയൊ തെറ്റുകുറ്റങ്ങൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ചൂണ്ടികാണിക്കണമെന്നും തുടർന്നുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ ഓരോരുത്തരുടെയും അറിവിനും അംഗീകാരത്തിനുമായി സാദരം സമർപ്പിക്കുന്നു

നന്ദിയോടെ

**ഫൈസൽ ഇബ്രാഹിം**

ജനറൽ സെക്രട്ടറി

# Merchants Youth Wing Adimali

## Receipts and Payments

**14-10-2024 to 16-12-2025**

| Receipts | Amount (₹) | Payments | Amount (₹) |
|---|---|---|---|
| To Opening Balance | ₹ 33,572.00 | By General Body | ₹ 33,450.00 |
| To Membership Collection | ₹ 28,600.00 | By District Registration | ₹ 7,250.00 |
| To New Year Programme | ₹ 30,300.00 | By District Meet TA | ₹ 2,900.00 |
| To News Paper Fund Collection | ₹ 5,000.00 | By New Year Programme | ₹ 24,130.00 |
| To Interest Received | ₹ 389.00 | By Wreaths | ₹ 2,450.00 |
| To Tour Programme – Vattavada collection | ₹ 54,200.00 | By Tour Programme – Vattavada expenses | ₹ 55,170.00 |
| | | By Sivarathry Annadanam | ₹ 2,540.00 |
| | | By Office Stationery | ₹ 600.00 |
| | | By Welfare Centre | ₹ 500.00 |
| | | By News paper Fund Distributed | ₹ 5,000.00 |
| | | By Closing Balance (Cash in Bank) | **18,071.00** |
| **Total** | **1,52,061.00** | **Total** | **1,52,061.00** |